**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2676** **02-08-2021 - ൽ മറുപടിയ്ക്ക്**

**അതിരുകൾ അളന്ന് തിട്ടപ്പെടുത്തി നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ചിങ്ങോലി പഞ്ചായത്തിൽ ആസ്തിവികസന പദ്ധതി പ്രകാരം നിർവ്വഹിക്കാൻ ഭരണാനുമതി ലഭിച്ചിട്ടുള്ള,വാർഡ് 1 -ലെ കഴവേറ്റം കുന്നേൽ ഭാഗത്തെ പിച്ചിംഗ് നിർമ്മാണ പ്രവൃത്തിക്ക് പ്രസ്തുത സ്ഥലത്തെ അതിരുകൾ അളന്ന് തിട്ടപ്പെടുത്തി നൽകാൻ ചിങ്ങോലി വില്ലേജ് ഓഫീസർ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ചിങ്ങോലി വില്ലേജിലെ അതിരുകൾ തിട്ടപ്പെടുത്തുന്നതിന് താലൂക്ക് സർവ്വെയറുടെ സേവനം അത്യാവശ്യമാണെന്നുള്ള വിവരം ചിങ്ങോലി വില്ലേജ് ഓഫീസർ കാർത്തികപ്പള്ളി ഭൂരേഖ തഹസിൽദാരെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 1961 ലെ കേരള സർവ്വെയും അതിരടയാള നിയമ പ്രകാരമുള്ള ഫോറം 10 ലുള്ള നിയമാനുസൃത അപേക്ഷ സമർപ്പിക്കുന്നതിന് മുതുകുളം ബ്ലോക്ക് എൽ. എസ്. ജി. ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 23.02.2021 ൽ കാർത്തികപ്പള്ളി ഭൂരേഖ തഹസിൽദാർ അറിയിപ്പ് നൽകിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ പ്രസ്തുത നിയമാനുസൃത അപേക്ഷ കാർത്തികപ്പള്ളി ഭൂരേഖ തഹസിൽദാർക്ക് സമർപ്പിച്ചിട്ടില്ലാത്തതാണ്. ആയതു ലഭ്യമായാൽ മാത്രമേ അതിർത്തി നിർണ്ണയം നടത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സർവ്വേയർക്ക് നിർദ്ദേശം നൽകാൻ കഴിയുകയുള്ളൂ. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ അടിയന്തര പ്രധാന്യവും, ഇക്കാര്യത്തിൽ പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടും കണക്കിലെടുത്ത് മേൽപ്പറഞ്ഞ സ്ഥലത്തെ അതിരുകൾ, എൽ.എസ്.ജി .ഡി മുതുകുളം ബ്ലോക്ക് എ.എക്സ്.ഇ ആവശ്യപ്പെട്ട പ്രകാരം, അളന്ന് തിരിച്ച് നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കാൻ ചിങ്ങോലി വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകാമോ? | (ബി) | ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ചിങ്ങോലി വില്ലേജിലെ അതിരുകൾ തിട്ടപ്പെടുത്തുന്നതിന് താലൂക്ക് സർവ്വെയറുടെ സേവനം അത്യാവശ്യമാണെന്നുള്ള വിവരം ചിങ്ങോലി വില്ലേജ് ഓഫീസർ കാർത്തികപ്പള്ളി ഭൂരേഖ തഹസിൽദാരെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 1961 ലെ കേരള സർവ്വെയും അതിരടയാള നിയമ പ്രകാരമുള്ള ഫോറം 10 ലുള്ള നിയമാനുസൃത അപേക്ഷ സമർപ്പിക്കുന്നതിന് മുതുകുളം ബ്ലോക്ക് എൽ. എസ്. ജി. ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 23.02.2021 ൽ കാർത്തികപ്പള്ളി ഭൂരേഖ തഹസിൽദാർ അറിയിപ്പ് നൽകിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ പ്രസ്തുത നിയമാനുസൃത അപേക്ഷ കാർത്തികപ്പള്ളി ഭൂരേഖ തഹസിൽദാർക്ക് സമർപ്പിച്ചിട്ടില്ലാത്തതാണ്. ആയതു ലഭ്യമായാൽ |

| | | | |
|---|---|---|---|
| | | | മാത്രമേ അതിർത്തി നിർണ്ണയം നടത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സർവ്വേയർക്ക് നിർദ്ദേശം നൽകാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ